പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1186 12.07.2016-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകളും സർവ്വീസുകളും കുറയ്ക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | ആറ്റിങ്ങൽ, കിളിമാനൂർ എന്നീ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും നിരന്തരം ഷെഡ്യൂളുകളും സർവ്വീസുകളും വെട്ടിക്കുറയ്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br>ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നും ഷെഡ്യൂളുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | പിന്നാക്കവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും ഉൾപെട്ടവർ കൂടുതലായി അധിവസിക്കുന്നതും ദേശസാൽകൃത റൂട്ടുകൾ മാത്രമുള്ളതുമായ പ്രസ്തുത മേഖലയിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറ്റിങ്ങൽ യൂണിറ്റിൽ നിന്നും പുതുതായി സായിഗ്രാമം - പാലോട് റൂട്ടിലും വക്കം - കുളത്തൂപ്പുഴ റൂട്ടിലും രണ്ട് പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കിളിമാനൂർ ഡിപ്പോയിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് ധാരാളം ട്രിപ്പുകൾ അയയ്ക്കുന്നുണ്ട്. പിന്നോക്ക വിഭാഗത്തിലും പട്ടിക ജാതി വിഭാഗത്തിലും ഉൾപ്പെട്ടവർ അധിവസിക്കുന്ന സ്ഥലങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ സ്ഥിരമായി അയയ്ക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ